## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.502
### 29.11.2018 ൽ മറുപടി നൽകേണ്ടത്

### പെൻഷൻ തുക അനുവദിക്കുന്നതിൽ കാലതാമസം

**ചോദ്യം**

ശ്രീ. ജോൺ ഫെർണാണ്ടസ്

**മറുപടി**

ഡോ.ടി.എം തോമസ് ഐസക്

ധനകാര്യവും കയറും വകുപ്പ് മന്ത്രി

| | ചോദ്യം | മറുപടി |
|---|---|---|
| (എ) | മത്സ്യബോർഡിലെ ആധാർ സമർപ്പിക്കാൻ വൈകിയ രണ്ട് പെൻഷനുകൾ ലഭിക്കാൻ അർഹതയുള്ള ഗുണഭോക്താക്കളുടെ ആധാർ എൻട്രി നടത്തി കുടിശ്ശിക പെൻഷൻ വിതരണത്തിനായി തുക അനുവദിക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ (ഫയൽ നം. 725992/എസ്.എഫ്.സി-ബി2/18/ധന) | മത്സ്യ ബോർഡിലെ 6/2/2017 മുമ്പ് രണ്ട് പെൻഷൻ ലഭിച്ചു കൊണ്ടിരുന്ന 69 പെൻഷൻ ഗുണഭോക്താക്കൾക്ക് സാമൂഹ്യ സുരക്ഷാ പെൻഷനോടൊപ്പം മത്സ്യ ബോർഡ് പെൻഷനും അർഹതയുണ്ടെന്നും അതിനാൽ അധാർ സമർപ്പിക്കാൻ വൈകിയ ഇത്തരക്കാരുടെ ആധാർ എൻട്രി നടത്തുന്നതിന് അനുവദിക്കണമെന്നും മത്സ്യ തൊഴിലാളി ക്ഷേമനിധി ബോർഡ് കമ്മീഷണറുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ ഇത്തരത്തിൽ രണ്ട് പെൻഷൻ വാങ്ങാൻ അർഹതയുള്ളവരും എന്നാൽ യഥാസമയം ആധാർ സമർപ്പിക്കാത്തവരുമായ ഗുണഭോക്താക്കളുടെ ഡേറ്റ പോർട്ട് ചെയ്ത് നൽകുന്നതിന് തീരുമാനിക്കുകയും ഇത്തരത്തിൽ അർഹരായവരുടെ വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെടുകയും ഇത്തരത്തിൽ രണ്ടു പെൻഷൻ ലഭിക്കാൻ അർഹതയുള്ള 242 ഗുണഭോക്താക്കളുടെ ലിസ്റ്റ് സർക്കാരിൽ ലഭ്യമാക്കുകയും പ്രസ്തുത വിവരങ്ങൾ ഇൻഫർമേഷൻ കേരള മിഷൻ മുഖാന്തിരം പോർട്ട് ചെയ്ത് നൽകുകയും ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ ആദ്യം 69 പെൻഷൻ |

| | | |
|---|---|---|
| | | ഗുണഭോക്താക്കൾക്കാണ് അർഹതയെന്ന് അറിയിക്കുകയും എന്നാൽ റിപ്പോർട്ട് ലഭ്യമാക്കിയ അവസരത്തിൽ അത് 233 ആണ് എന്ന് അറിയിക്കുകയും അതിൽ സർക്കാർ വ്യക്തത ആവശ്യപ്പെട്ട അവസരത്തിൽ അർഹരായവരുടെ എണ്ണം 242 എന്നാണെന്ന് അറിയിക്കുകയും ചെയ്തതിൽ വ്യക്തത വരുത്തുന്നതിലേക്ക് ആവശ്യപ്പെട്ടിരുന്നു.അടുത്ത പ്രാവശ്യം കുടിശ്ശിക അനുവദിക്കുന്ന അവസരത്തിൽ മത്സ്യ തൊഴിലാളി ക്ഷേമനിധി ബോർഡിലെ അർഹരായ ഗുണഭോക്താക്കൾക്കും കുടിശ്ശിക ലഭിക്കുന്നതാണ് . സർക്കാർ തലത്തിൽ ഈ വിഷയത്തിൽ കാലതാമസം വന്നിട്ടില്ല. |
| (ബി) | പ്രസ്തുത തുക എന്നത്തേക്ക് വിതരണം ചെയ്യാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ? | 2018 ഡിസംബർ മാസം അനുവദിക്കുന്ന ക്ഷേമനിധി ബോർഡ് പെൻഷൻ വിതരണം ചെയ്യുന്ന അവസരത്തിൽ നിലവിൽ അധാർ പോർട്ട് ചെയ്ത് നൽകിയവർക്കും രണ്ട് പെൻഷൻ ലഭിക്കുന്നതാണ് |

സെക്ഷൻ ഓഫീസർ